

എം.സി.എ

# നായിഫ് സൂഖ് ദുരിതബാധിതരുടെ കണ്ണീരൊപ്പാൻ റിലീഫ് പ്രവർത്തനം സജീവം

ഗൾഫ് നഗരങ്ങൾ കെട്ടിപ്പടുക്കാൻ മലയാളി സമൂഹം ഒഴുക്കിയ വിയർപ്പ് വളരെ വലുതാണ്. ആയിരങ്ങളുടെ യൗവനമാണ് ഇതിനായി ഹോമിച്ചത്. ഉറ്റവർക്ക് മെച്ചപ്പെട്ട ഒരു ജീവിതം ഉറപ്പുവരുത്താൻ എല്ലാ ദുരിതങ്ങളും ഏറ്റെടുക്കുകയായിരുന്നു ഈ മനുഷ്യർ. പ്രതീക്ഷകൾ തകിടം മറിക്കുന്ന തിരിച്ചടികളെയും ഇവർക്ക് നേരിടേണ്ടിവരുന്നു.

ദുബൈയിൽ ഈ മാസം രണ്ടിന് വെളുപ്പിന് നായിഫ് സൂഖിലുണ്ടായ അഗ്നിബാധയിൽ തകർന്നടിഞ്ഞത് നൂറുകണക്കിന് മലയാളികളുടെ സമ്പാദ്യമാണ്. പതിറ്റാണ്ടുകളായി യു.എ.ഇയുടെ പരമ്പരാഗത വാണിജ്യ കേന്ദ്രമായി അറിയപ്പെടുന്നതാണ് നായിഫ് സൂഖ്. റെഡിമെയ്ഡ് വസ്ത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ഇലക്ട്രോണിക്സ് ഉപകരണങ്ങൾ എന്നിവ വിറ്റ് ഉപജീവനം കഴിച്ചു വന്നവരിൽ ഭൂരിഭാഗവും മലയാളികൾ തന്നെ. വിദൂര സ്ഥലങ്ങളിൽനിന്നുപോലും നായിഫ് സൂഖ് അന്വേഷിച്ച് ആളുകൾ വന്നെത്തും. തരക്കേടില്ലാത്ത കച്ചവടത്തിലൂടെ ജീവിതം തളിർത്തവർ നിരവധി. അഞ്ചും ആറും പേർ ചേർന്ന് കൂട്ടുകച്ചവടം നടത്തുന്ന രീതിയായിരുന്നു ഇവിടെ കൂടുതൽ. പരസ്പര വിശ്വാസത്തിന്റെ ഇഴയടുപ്പത്തിലൂടെ കച്ചവടം ലാഭകരമാക്കാനും ഇടത്തരക്കാരായ ഈ മനുഷ്യർക്ക് കഴിഞ്ഞു. പരസ്പര സഹകരണത്തിന്റെ ഏറ്റവും നല്ല മാതൃക കൂടിയാണ് നായിഫ് സൂഖ് ഇല്ലാതാകുന്നതോടെ അവസാനിക്കുന്നത്.

വൈദ്യുതി ഷോർട്ട് സർക്യൂട്ടാണ് അഗ്നിബാധക്ക് കാരണമെന്നാണ് പ്രാഥമിക നിഗമനം. ദുബൈ-അബൂദബി ഹൈവേയിൽ ഇരുനൂറോളം വാഹനങ്ങൾ കൂട്ടിയിടിച്ച് തീപിടിച്ചതും അൽഖൂസിൽ എൺപതോളം വെയർഹൗസുകൾക്ക് തീ പിടിച്ച് 600 മില്യൻ ദിർഹം നഷ്ടം ഉണ്ടായതും കഴിഞ്ഞ മാസമാണ്. ഇതിന്റെ ആഘാതം വിട്ടുമാറും മുമ്പാണ് നായിഫ് സൂഖ് ദുരന്തം.

സൂഖിലെ ഇരുനൂറോളം കടകളാണ് പൂർണമായും കത്തിനശിച്ചത്. മില്യൻകണക്കിന് ദിർഹമിന്റെ നഷ്ടം കണക്കാക്കുന്നു. വിലപ്പെട്ട ഉൽപന്നങ്ങൾ മൂന്നു മണിക്കൂറിലെ അഗ്നിബാധയിൽ വെറും ചാരമായി. പല കടകൾക്കും ഇൻഷുറൻസ് ആനുകൂല്യം ലഭിക്കില്ലെന്നതാണ് ഏറ്റവും വലിയ തിരിച്ചടി. ലക്ഷങ്ങൾ 'കീമണി' നൽകിയാണ് മലയാളികളിൽ പലരും കട സ്വന്തമാക്കിയത്. എന്നാൽ കച്ചവടക്കാർക്ക് സാധ്യമായ എല്ലാ സഹായവും നഷ്ടപരിഹാരവും നൽകുമെന്ന് യു.എ.ഇ ഉപപ്രധാനമന്ത്രി ശൈഖ് ഹംദാൻ ബിൻ സായിദ് ആൽ നഹ്‌യാൻ, ദുബൈ നഗരസഭാ ആക്ടിംഗ് ഡയറക്ടർ ജനറൽ നാസർ ഹുസൈൻ ലൂത്ത എന്നിവർ ഉറപ്പ് നൽകിയത് ആശ്വാസം പകർന്നു. സൂഖിന്റെ പുനർനിർമാണ പദ്ധതിയും ദുബൈ നഗരസഭ പ്രഖ്യാപിച്ചിട്ടുണ്ട്. ഭാവിയിൽ ഇതേ കച്ചവടക്കാർക്ക് പുനർനിർമിക്കുന്ന സൂഖിലും ഇടം ലഭിച്ചേക്കുമെന്നത് ശുഭസൂചനയാണ്.

എന്നാൽ കച്ചവടക്കാരേക്കാൾ ദയനീയമാണ് ഇവിടെ ജോലി ചെയ്തു വന്ന ആയിരത്തോളം തൊഴിലാളികളുടെ അവസ്ഥ. വർധിത ജീവിത ചെലവുകൾക്കിടയിൽ പിടിച്ചുനിൽക്കാൻ പ്രയാസപ്പെടുന്നതിനിടയിലാണ് ഈ ദുരന്തം. 600 ഓളം മലയാളികളെങ്കിലും കൂട്ടത്തിലുണ്ട്. ദുബൈ കെ.എം.സി.സിയുടെ മേൽനോട്ടത്തിൽ ദുരിതബാധിതരെ സഹായിക്കാൻ പ്രഖ്യാപിച്ച പ്രത്യേക ഫണ്ടിന് നല്ല പ്രതികരണമാണുണ്ടായത്. എം.കെ ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ എം.എ യൂസുഫലി അഞ്ചു ലക്ഷം ദിർഹം കൈമാറി. യു.എ.ഇ ഇസ്‌ലാമിക് കൾച്ചറൽ സെന്ററിന്റെ(ഐ.സി.സി) ജനസേവന വിഭാഗമായ കെ.വൈ.സി.സിയും റിലീഫ് രംഗത്ത് സജീവമാണ്. യു.എ.ഇ റെഡ്ക്രസന്റിന് മുമ്പാകെ ദുരിതബാധിതരുടെ അപേക്ഷകൾ എത്തിക്കാനും കെ.വൈ.സി.സി നടപടിയാരംഭിച്ചു. പാസ്പോർട്ടുകളും മറ്റും കത്തിനശിച്ചവർക്ക് കോൺസുലേറ്റുമായി ബന്ധപ്പെട്ട് പുതിയവ നേടിക്കൊടുക്കാനുള്ള നടപടിക്രമങ്ങളും സജീവം.

അധികൃതരിൽ സമ്മർദം ചെലുത്തി പരമാവധി നഷ്ടപരിഹാരം ഉറപ്പാക്കുകയാണ് മറ്റൊരു ദൗത്യം. അതിനുള്ള നീക്കവും നടക്കുന്നുണ്ട്. ദുബൈയിലും മറ്റും പരമ്പരാഗത സൂഖുകൾ വേറെയുമുണ്ട്. ഇവിടങ്ങളിലൊക്കെയും മലയാളികൾ തന്നെയാണ് കൂടുതൽ. ആവശ്യമായ ഇൻഷുറൻസ് പരിരക്ഷയോ സുരക്ഷാ മുൻകരുതൽ നടപടിയോ ഇല്ലെന്നതാണ് ദുരന്തം വരുമ്പോൾ പലരെയും വഴിയാധാരമാക്കുന്നത്. റിയാദിലെ ബത്ഹ മാർക്കറ്റ് തീപിടിത്തത്തിലും ഇതുതന്നെ നാം കണ്ടു. ഇവിടങ്ങളിൽ വ്യാപാരം നടത്തുന്ന മലയാളി കച്ചവടക്കാർക്കിടയിൽ ഇനിയെങ്കിലും വ്യക്തമായ ബോധവത്കരണം നടക്കേണ്ടതുണ്ട്. ഇവർക്കു മുമ്പാകെ ഒരു സുരക്ഷാ പദ്ധതി സമർപ്പിക്കേണ്ടതുണ്ട്. നായിഫ് ദുരന്തം ഇതിന് വഴിവെക്കുമെന്നാശിക്കാം. ■